ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-15268/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 18/12/2020
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്-കോവിഡ് പശ്ചാത്തലത്തിൽ അടഞ്ഞു കിടക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. 10/03/2020 ലെ ICDS/B6-4509/20 നം. പരിപത്രം
2. കേന്ദ്ര സർക്കാരിന്റെ 17/10/2020 ലെ F.No.PA/85/2020-CPMU C No. 85941 നം. കത്ത്.
3. ഈ കാര്യലയത്തിലെ 10/02/2020 ലെ ICDS/B6-15268/2020 നം. പ്രൊപ്പോസൽ
4. 18/12/2020 ലെ SJD-B1/355/2020-SJD നം. സർക്കാർ കത്ത്.

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 10/03/2020 ന് കൂടിയ മന്ത്രി സഭാ യോഗത്തിൽ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും അവധി പ്രഖ്യപിച്ചതിനാൽ സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും താൽക്കാലിക അവധി നൽകി സൂചന (1) പരിപത്രം പ്രകാരം അങ്കണവാടികളുടെ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിരുന്നു. ആയതിൽ ഫീഡിംഗ് Take home ration ആയി നൽകുക, NNM പദ്ധതിയുമായി ബന്ധപ്പെട്ട സർവേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ മുതലായവ തടസ്സം കൂടാതെ നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു എങ്കിലും കോവിഡ് വ്യാപനം അതിരൂക്ഷമായി തുടർന്ന സാഹചര്യത്തിൽസൂചന പരിപത്രത്തിലെ നിർദ്ദേശങ്ങളിൽ ഫീഡിഗ് മാത്രമേ മുടങ്ങാതെ നടത്തിയുള്ളൂ. ടി സർവേകളൊക്കെ നിർത്തി വയ്ക്കേണ്ട സാഹചര്യമായിരുന്നു സംജാതമായത്.

സൂചന (2) പ്രകാരം അങ്കണവാടികൾ തുറക്കുന്നതിന് കേന്ദ്ര മാർഗ്ഗനിർദ്ദേശവും ലഭിച്ചിരുന്നു. ആയതിനെതുടർന്ന് അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കാൻ ഈ കാര്യാലയത്തിൽ നിന്നും സൂചന(3) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ സൂചന(4) പ്രകാരം അംഗീകരിക്കുകയും, ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമയി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 21/12/2020 മുതൽ സംസ്ഥാനത്തെ അങ്കണവാടികൾ തുറക്കാൻ അനുമതി നൽകുകയും ചെയ്തു.

1. 21/12/2020 മുതൽ രാവിലെ 9.30 ന് വർക്കറും, ഹെൽപ്പറും അങ്കണവാടിയിൽ എത്തിച്ചേരേണ്ടതാണ്
2. **കോവിഡ് പശ്ചാത്തലത്തിൽ അങ്കണവാടിയിൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടതില്ല.**
3. CAS ഫോണുകൾ വന്നതിന് ശേഷം അങ്കണവാടി വർക്കർമാർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടായിരുന്നില്ല എന്ന വിവരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ള 11 രജിസ്റ്ററുകളിലും യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.
4. ഗ്രോത് ചാർട്ടിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
5. ECCE പ്രോഗ്രാംസ് നടത്തേണ്ടതാണ്.
6. അങ്കണവാടികളോടനുബന്ധിച്ചുള്ള ന്യൂട്രിഗാർഡൻ ശരിയാംവിധം പരിപാലിക്കേണ്ടതാണ്.
7. ALMSC കൂടേണ്ടതാണ്.
8. ഫീഡിംഗ് Take Home Ration ആയി തന്നെ തുടരേണ്ടതാണ്.
9. കുടുബങ്ങളിലേയ്ക്ക് അങ്കണവാടികൾ എന്ന പദ്ധതി തുടരേണ്ടതാണ്.
10. നാഷണൽ ന്യൂട്രീഷൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർവേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ എന്നിവ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉച്ചയ്ക്ക് 3.30 ന് ശേഷം നടത്തേണ്ടതാണ്.
11. പ്രസ്തുത കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സൂപ്പർവൈസർ, സി.ഡി.പി.ഒ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടി സന്ദർശിച്ച് ഉറപ്പാക്കേണ്ടതാണ്.
12. ഇത് കൂടാതെ കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
13. സി.ഡി.പി.ഒമാരുടേയും, സൂപ്പർവൈസർമാരുടേയും പ്രതിമാസ അങ്കണവാടി സന്ദർശനം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പ്രോഗ്രാം ഓഫീസർമാർ പരിശോധിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് 21/12/2020 രാവിലെ 9.30 മുതൽ സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സേവനം പുനരാരംഭിക്കേണ്ടതാണ്.

വനിതാ ശിശു വികസന ഡയറക്ടർ

<u>ഉള്ളടക്കം</u>

സൂചന 2,4 നിർദ്ദേശങ്ങളുടെ പകർപ്പുകൾ

1. എല്ലാ ജില്ലാ വനിതാ ശിശു ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

**File No.SJD-B1/355/2020-SJD**

**കേരള സർക്കാർ**

**സാമൂഹ്യനീതി(ബി) വകുപ്പ്**

**സർക്കുലർ**

നം.സാനീവ-ബി1/355/2020-സാനീവ തിരുവനന്തപുരം തീയതി18/12/2020

വിഷയം-സാമൂഹ്യനീതി വകുപ്പ്- ഐസിഡിഎസ്-കോവിഡ് പശ്ചാത്തലത്തിൽ അടഞ്ഞുകിടക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നത്-പ്രൊപോസൽ -സംബന്ധിച്ച്

സൂചന-1. 11.03.2020 ലെ ഐസിഡിഎസ്/ബി6-4509/20 നമ്പർ പരിപത്രം

2.കേന്ദ്ര സർക്കാരിന്റെ 17.10.2020 ലെ എഫ് .നം .പി .എ /85/2020-സി.പി.എം.യു .സി.നം.85941 നമ്പർ കത്ത്.

3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 10.12.2020 ലെ ഐസിഡിഎസ്/ബി6-15268/2020 നമ്പർ കത്ത്

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 10/03/2020 ന് കൂടിയ മന്ത്രിസഭാ യോഗത്തിൽ അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്കും അവധി പ്രഖ്യാപിച്ചതിനെത്തുടർന്ന് സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും താൽക്കാലിക അവധി നൽകി സൂചന (1) പ്രകാരം അങ്കണവാടികളുടെ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിരുന്നു . ആയതിൽ ഫീഡിംഗ് ടേക്ക് ഹോം റേഷൻ ആയി നൽകുക , നാഷണൽ ന്യൂട്രീഷൻ മിഷൻ , പദ്ധതിയുമായി ബന്ധപ്പെട്ട സർവേകൾ , ദൈനംദിന ഭവന സന്ദർശനങ്ങൾ മുതലായവ തടസ്സം കൂടാതെ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എങ്കിലും കോവിഡ് വ്യാപനം അതിരൂക്ഷമായി തുടർന്ന സാഹചര്യത്തിൽ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങളിൽ ഫീഡിംഗ് മാത്രമേ മുടങ്ങാതെ നടത്തിയുള്ളൂ. ടി സർവ്വേകളൊക്കെ നിർത്തി വയ്ക്കേണ്ട സാഹചര്യമായിരുന്നു സംജാതമായത് .

അങ്കണവാടികളുടെ പ്രവർത്തനം ചുവടെ പറയുന്ന വ്യവസ്ഥയോടെ പുനരാരംഭിക്കാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സൂചന (3) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1. 21.12.2020 മുതൽ രാവിലെ 9 . 3 0 ന് വർക്കറും , ഹെൽപ്പറും അങ്കണവാടിയിൽ എത്തിച്ചേരേണ്ടതാണ് .
2. സി .എ .എസ് . ഫോണുകൾ വന്നതിന് ശേഷം അങ്കണവാടി വർക്കർമാർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടായിരുന്നില്ല എന്ന വിവരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ , അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ള 11 രജിസ്റ്ററുകളിലും യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ് .
3. ഗ്രോത് ചാർട്ടിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്
4. ഇ .സി.സി [illegible] നടത്തേണ്ടതാണ്

4. ഇ . സി.സി. പ്രോഗ്രാം നടത്തേണ്ടതാണ് .

5. അങ്കണവാടികളോടനുബന്ധിച്ചുള്ള ന്യൂട്രിഗാർഡൻ ശരിയാംവിധം പരിപാലിക്കേണ്ടതാണ് .

6. എ .എൽ .എം .എസ് .സി. കൂടേണ്ടതാണ് .

7. ഫീഡിംഗ് ടേക്ക് ഹോം റേഷൻ ആയി തന്നെ തുടരേണ്ടതാണ് .

8. കുടുംബങ്ങളിലേയ്ക്ക് അങ്കണവാടികൾ എന്ന പദ്ധതി തുടരേണ്ടതാണ് .

9. നാഷണൽ ന്യൂട്രീഷൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർവേകൾ , ദൈനംദിന ഭവന സന്ദർശനങ്ങൾ എന്നിവ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉച്ചയ്ക്ക് ശേഷം നടത്തേണ്ടതാണ്.

10. പ്രസ്തുത കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സൂപ്പർവൈസർ , സി.ഡി.പി.ഒ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടി സന്ദർശിച്ച് ഉറപ്പാക്കേണ്ടതാണ്.

11. ഇത് കൂടാതെ കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

ഓൺലൈൻ ക്ലാസ്സ് എടുക്കുന്നതിന്റെ പ്രായോഗികത വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരിശോധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ സൂചന (2) ലെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ , മേൽ നിർദ്ദേശങ്ങൾ പാലിച്ച് സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സേവനം പുനരാരംഭിക്കാൻ അനുമതി നൽകുന്നു.

**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

F. No. PA/85/2020-CPMU C No 85941
Government of India
Ministry of Women & Child Development
*******

Jeevan Vihar Building,
New Delhi - 110001
11th November, 2020

To
The Principal Secretaries/ Secretaries, Department of Social Welfare /Women & Child Development of all States/UTs

**Subject:** Guidance note on operations of Anganwadi Services — regarding,

Sir/Madam,

Under-nutrition is one of the leading causes of morbidity and mortality in children under the age of 5 years. Delivery of preventive services to mitigate the impact of the pandemic on the nutrition is well recognized. Provision of essential services like Growth Monitoring Referral, and supplementary nutrition etc. to ensure the health and well-being of the pregnant ladies, lactating mothers and children below 5 years is most important. In view of Covid19 pandemic globally, it is imperative to ensure, that the beneficiaries do not suffer and remain away from Anganwadi services.

2. Hence, Anganwadi Services may be resumed outside containment zones with immediate effect, complying health and safety protocols. Further, cleanliness. Hygiene and Sanitization may be ensured in and around the premises of Anganwadi Center, use of mask/face covers shall be mandatory for everyone visiting the Centre, including AWW and AWH. Also, frequent hand washing, and strict social distancing as per MoHFW guidelines must be followed at Anganwadi Centre.

3. Ministry of Women and Child Development has taken up the matter with Ministry of Home Affairs regarding reopening of AWCs. Ministry of Home Affairs vide OM No. 40-6/2020/DM-1(A)/Part-2 dated 22nd October 2020 (copy enclosed) advised that AWCs may be opened outside the containment zones, by adhering to the Standard Operating Procedures (SOP) related to health and security measures in consultation with State/UTs.

4. A guidance note for resuming Anganwadi Services is **enclosed** herewith. Based on the guidance note, States / UT Governments need to develop their own SOP for reopening AWC when the State/Union Territory Governments declare it safe for AWC to operate. **All States/UTs are expected to comply with the COVID-19 related directions issued by Ministry of Home Affairs and Ministry of Health and Family Welfare, Government of India, from time to time.**

5. Therefore, it is requested that States/UTs may decide reopening of AWCs outside containment zones while adhering to health and safety protocols as per the guidelines of MOHFW.

Yours sincerely,

Executive Director,
POSHAN Abhiyaan, MWCD

Copy to:
PS to Minister,
PS to MoS,
Secretary MoHFW and Secretary MHA